08/06/2020

29/02/2020



# സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം
## തിരുവനന്തപുരം-695 001

Tel: 0471 2561612/2561613/2561614/2335199, Fax: 0471 2330920
Email: sic.ker@nic.in

ഹർജി നമ്പർ **AP 1410(6)/2015/SIC** തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം
**File No.9027/SIC-Gen5/2015**

സന്നിഹിതൻ
ശ്രീ. വിൻസൻ എം.പോൾ, മുഖ്യ വിവരാവകാശ കമ്മീഷണർ

ശ്രീ. ടി.പി. വേണുഗോപാൽ
ഗായത്രി ഹൗസ്
പുത്തൻ ഗ്രാമം,
കുനിശ്ശേരി പി.ഒ.,
പാലക്കാട് - 678 681. } അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
   ഫിനാൻസ് ഓഫീസർ,
   ഓംബഡ്സ്മാൻ കാര്യാലയം, സാഫല്യം കോംപ്ലക്സ്
   തിരുവനന്തപുരം.

2. അപ്പീൽ അധികാരി &
   അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, സാഫല്യം കോംപ്ലക്സ്
   ഓംബഡ്സ്മാൻ കാര്യാലയം,
   തിരുവനന്തപുരം

} എതിർകക്ഷികൾ

| | |
|---|---|
| 6(1) വകുപ്പുപ്രകാരമുള്ള അപേക്ഷ തീയതി | 16.4.2015 |
| മറുപടി ലഭ്യമാക്കിയ തീയതി | 22.4.2015 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 27.4.205 |
| ഒന്നാം അപ്പീൽ തീർപ്പാക്കിയ തീയതി | 14.5.2015 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 25.5.2015 |
| കമ്മീഷനിൽ അപ്പീൽ ലഭിച്ച തീയതി | 28.5.2015 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 22.6.2015, 15.2.2020 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 27.2.2020 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 28.2.2020, കമ്മീഷൻ ആസ്ഥാനം |
| ഹിയറിംഗ് സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ | ഹാജരായില്ല<br>ഹാജരായി. |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ. ടി.പി. വേണുഗോപാൽ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാന്റെ അപേക്ഷയിന്മേൽ ഒന്നാം

എതിർകക്ഷി നൽകിയ മറുപടി തൃപ്തികരമായിരുന്നില്ലെന്നാണ്. ആയതിനാൽ രണ്ടാം എതിർകക്ഷി മുമ്പാകെ അപ്പീൽ അപേക്ഷ സമർപ്പിച്ചുവെങ്കിലും മേൽപ്പടി അപ്പീൽ അധികാരിയുടെ തീരുമാനം മോശമാണെന്നും മറ്റുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത്, താഴെപ്പറയുന്ന വിവരങ്ങളാണ് :

i. ഒ.പി. നമ്പർ 1477/12 സി.എം.പി 77/14 മായി ബന്ധപ്പെട്ട് ഹർജിക്കാരൻ 27.2.2015–ന് സമർപ്പിച്ച പരാതിയിന്മേൽ സ്വീകരിച്ച നടപടികൾ അറിയിക്കണമെന്നും

ii. ഒ.പി. നമ്പർ 106/2010 മായി ബന്ധപ്പെട്ട പരാതിയിൽ പറയുന്ന പുള്ളാട് കുടിവെള്ള പദ്ധതി പ്രവൃത്തി ചെയ്തിട്ടില്ലെന്നു വാർഡ് മെമ്പർ ആയിരുന്ന ശ്രീ. ഉണ്ണികുമാരൻ വെളിപ്പെടുത്തിയ കാര്യവും അതു സംബന്ധിച്ച് ഹർജിക്കാരൻ പരാതി നൽകിയ ശേഷം മറ്റാരോ വിജിലൻസ് കോടതിയിൽ കേസ് ഫയൽ ചെയ്തതിനാൽ അന്വേഷണത്തിന് പ്രസക്തിയില്ലെന്നും എൽ.എസ്.ജി.ഡി വകുപ്പ് പറയുന്നത് അനുസരിക്കുന്ന ഓഫീസാണോ എൽ.എസ്.ജി.ഡി. ഓംബുഡ്സ്മാൻ കാര്യാലയം എന്നും

iii. സി.എം.പി 77/14 കേസുമായി ബന്ധപ്പെട്ട് ആലത്തൂർ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി ആലത്തൂർ പോലീസ് സ്റ്റേഷൻ സ്ഥിതി ചെയ്യുന്നത് റവന്യു പുറമ്പോക്ക് ഭൂമിയിൽ ആണെന്നും ഭൂവുടമ അല്ലാത്ത പോലീസ് വകുപ്പിന് അനധികൃതമായി കെട്ടിട നമ്പർ അനുവദിച്ചതാണെന്നു കേസ് ഫയലിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ എന്നും അത്തരത്തിൽ കെട്ടിട നമ്പർ അനുവദിക്കുന്നത് സ്ഥല ഉടമയായ പോലീസ് വകുപ്പ് ആലത്തൂർ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിക്ക് ഹാജരാക്കിയ രേഖകൾ എന്തെല്ലാം എന്നും വിവരാവകാശ നിയമത്തിലെ 6(3) വകുപ്പു പ്രകാരം ആലത്തൂർ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിക്ക് കൈമാറണം എന്നുമാണ്.

മേൽപ്പടി അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷി നൽകിയ മറുപടിയിൽ അറിയിച്ചത്,ഒ.പി. 1477/12 ലെ സി.എം.പി. 77/14 തീർപ്പാക്കിയിട്ടുള്ളതിനാൽ 27.2.2015 ലെ ഹർജിക്കാരന്റെ അപേക്ഷയിന്മേൽ നടപടികൾ ഒന്നും ആവശ്യമില്ലെന്നു ബഹു:ഓംബുഡ്മാൻ ഉത്തരവിട്ടിട്ടുണ്ടെന്നും ഹർജിക്കാരന്റെ അപേക്ഷയിലെ രണ്ടാം ഇനത്തിൽ ആവശ്യപ്പെട്ട വിവരം വിവരാവകാശ നിയമത്തിലെ 2(എഫ്) ന്റെ പരിധിയിൽ വരുന്നതല്ലെന്നുമാണ്. 3–ാം ഇനം സംബന്ധിച്ച് അറിയിച്ചത്, പരാമർശിത കെട്ടിടം ജില്ലാ പോലീസ് മേധാവിയുടെ

പേരിൽ 15/1425 നമ്പറായി താത്ക്കാലിക നമ്പർ അനുവദിച്ചിട്ടുള്ളതായാണ് ആലത്തൂർ പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുള്ളതെന്നും കെട്ടിട നമ്പർ അനുവദിച്ചതിന് ജില്ലാ പോലീസ് മേധാവിയുടെ കെട്ടിടം റെഗുലറൈസ് ചെയ്യുന്നതിനുള്ള അപേക്ഷ, കെട്ടിട പ്ലാൻ, സൈറ്റ് പ്ലാൻ എന്നിവ ആലത്തൂർ പഞ്ചായത്ത് സെക്രട്ടറിക്ക് അയച്ചു നൽകിയിട്ടുള്ളതായി പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നുമാണ്. ഹർജിക്കാരൻ രണ്ടാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ പ്രസ്താവിച്ചത്, ഒന്നാം ഇനം സംബന്ധിച്ച് നൽകിയ മറുപടി തൃപ്തികരമല്ലെന്നും ഹർജിക്കാരന്റെ പരാതി തീയതി 27.2.2015 ആണെന്നും സി.എം.പി. 77/14 ലെ ഉത്തരവ് തീയതി 25.2.2015 ആണെന്നും രണ്ടാം ഇനത്തിൽ ആവശ്യപ്പെട്ട വിവരം വിവരാവകാശ നിയമത്തിലെ 2(എഫ്) ന്റെ പരിധിയിൽ വരുന്നതാണെന്നും 3-ാം ഇനം സംബന്ധിച്ച മോശമായ വിവരമാണ് നൽകിയത് എന്നും ജില്ലാ പോലീസ് മേധാവിയുടെ കൈവശം ഇല്ലാത്ത സ്ഥലത്ത് താത്ക്കാലിക നമ്പർ 15/1425 എപ്രകാരമാണ് അനുവദിക്കുന്നത് എന്നും ഉടമസ്ഥാവകാശം നൽകാൻ കഴിയില്ലെന്നു വില്ലേജ് ഓഫീസർ ജില്ലാ പോലീസ് മേധാവിയെ അറിയിച്ചിട്ടുണ്ടെന്നും മറ്റുമാണ്. മേൽപ്പടി അപ്പീൽ അപേക്ഷ തീർപ്പാക്കി പുറപ്പെടുവിച്ച ഉത്തരവിൽ രണ്ടാം എതിർകക്ഷി പ്രസ്താവിച്ചത്, സി.എം.പി. 77/14 25.2.2015 ന് ബഹു: ഓംബുഡ്സ്മാൻ തീർപ്പാക്കിയിട്ടുണ്ടെന്നും 27.2.2015 ലെ ഹർജിക്കാരന്റെ അപേക്ഷയിന്മേൽ നടപടികൾ ഒന്നും ആവശ്യമില്ലെന്നു ബഹു: ഓംബുഡ്സ്മാൻ 11.3.2015 തീയതി ഉത്തരവ് ഇട്ടിട്ടുണ്ടെന്നും ഹർജിക്കാരന്റെ അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷി തൃപ്തികരമായ മറുപടിയാണ് നൽകിയിട്ടുള്ളത് എന്നും മറ്റുമാണ്.

3. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന്റെ അപേക്ഷയിലെ ഒന്നാം ഇനം സംബന്ധിച്ച് എതിർകക്ഷികൾ നൽകിയിട്ടുളള വിവരങ്ങൾ എതിർകക്ഷി ഓഫീസിലെ ഫയലിൽ രേഖപ്പെടുത്തിയ പ്രകാരമാണെന്നു കാണുന്നു. ബഹു: ഓംബുഡ്സ്മാന്റെ തീരുമാനം അറിയിക്കുക എന്നതാണ് എതിർകക്ഷി ഓഫീസിന്റെ വിവരാവകാശ നിയമ പ്രകാരമുള്ള ഉത്തരവാദിത്വം. ആയതിന്റെ നിയമ സാധുത പരിശോധിക്കാനുള്ള ഉത്തരവാദിത്വം എസ്.പി.ഐ.ഒയുടേതല്ല. ആയതിനാൽ ഹർജിക്കാരന്റെ അപേക്ഷയിലെ ഒന്നാം ഇനം സംബന്ധിച്ച് എതിർകക്ഷികൾ നൽകിയിട്ടുള്ള മറുപടികൾ നിയമാനുസൃതമാണെന്നു കമ്മീഷൻ വിലയിരുത്തുന്നു. ഹർജിക്കാരന്റെ അപേക്ഷയിലെ രണ്ടാം ഇനത്തിൽ ടിയാൻ ആവശ്യപ്പെട്ടിരിക്കുന്നത് എതിർകക്ഷി ഓഫീസിലെ ഏതെങ്കിലും ഫയലിലോ

രജിസ്റ്ററിലോ കമ്പ്യൂട്ടർ സിസ്റ്റത്തിലോ രേഖപ്പെടുത്തിയിട്ടുള്ള വിവരമല്ല തേടിയിരിക്കുന്നത് എന്നും മറിച്ച് അഭിപ്രായ പ്രകടനം ആണെന്നും കാണുന്നു. ആയത് വിവരാവകാശ നിയമത്തിലെ 2(എഫ്) വകുപ്പു പ്രകാരം നിർവ്വചിച്ചിട്ടുള്ള 'വിവരം' എന്നതിന്റെ പരിധിയിൽ വരുന്നതല്ല. 3–ാം ഇനം സംബന്ധിച്ച് ഒന്നാം എതിർകക്ഷി നൽകിയ മറുപടി എതിർകക്ഷി ഓഫീസിലെ ഫയലിൽ അടങ്ങിയ വിവരമല്ലെന്നു കാണുന്നു. ആയതിലും കമ്മീഷൻ അപാകത ഒന്നും കാണുന്നില്ല. ഹർജിക്കാരന്റെ അപേക്ഷയിൽ ടിയാൻ ആവശ്യപ്പെട്ടിരിക്കുന്നത് മേൽപ്പടി ഇനം സംബന്ധിച്ച് മറുപടി ലഭ്യമാക്കുന്നതിലേയ്ക്കായി വിവരാവകാശ നിയമത്തിലെ 6(3) വകുപ്പു പ്രകാരം ആലത്തൂർ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിക്ക് കൈമാറണം എന്നാണ്. ഹർജിക്കാരന്റെ മേൽപ്പടി ആവശ്യം വിവരാവകാശ നിയമ പ്രകാരം അംഗീകരിക്കാൻ നിർവ്വാഹമില്ല. മേൽപ്പടി വിഷയം സംബന്ധിച്ച് ഹർജിക്കാരന് ആലത്തൂർ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ ഓഫീസിൽ നിന്നാണ് വിവരം ലഭിക്കേണ്ടത് എന്ന് പൂർണ്ണ ബോധ്യമുണ്ടായിരുന്നുവെങ്കിൽ ഹർജിക്കാരൻ മേൽപ്പടി ഇനം സംബന്ധിച്ച അപേക്ഷ ആലത്തൂർ ഗ്രാമ പഞ്ചായത്തിലാണ് നൽകേണ്ടിയിരുന്നത്. അതിനു പകരം ടിയാന്റെ അപേക്ഷ ആലത്തൂർ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിക്ക് അയച്ചു കൊടുക്കണമെന്ന് ആവശ്യപ്പെട്ടിട്ടുള്ളത് അംഗീകരിക്കാൻ നിർവ്വാഹമില്ല.

4. മേൽ പ്രസ്താവിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ, ഈ അപ്പീൽ ഹർജിയിൽ മറ്റു നടപടികൾ ആവശ്യമില്ലെന്നു വിലയിരുത്തി, ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2020 ഫെബ്രുവരി 29–ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

ഒപ്പ്

വിൻസൻ എം.പോൾ
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി (നിയമം)

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM

bnk